ഉത്തരം

(എ) 1. ടി.കെ. കെമിക്കൽസ്, തിരുവനന്തപുരം.
2. റൂബി റബ്ബർ വർക്സ്, ചങ്ങനാശ്ശേരി.
3. ട്രാവൻകൂർ റയോൺസ്, പെരുമ്പാവൂർ.
4. അർജ്ജുനാ റബ്ബർ പ്രോഡക്ട്സ്, തൊടുപുഴ.
5. സിംസൺ റ്റീ എസ്റ്റേറ്റ്, മലപ്പുറം.

(ബി) 1. ടി. കെ. കെമിക്കൽസ്, കൊച്ചുവേളി, തിരുവനന്തപുരം.

വൈദ്യുതിയും, അസംസ്കൃത സാധനങ്ങളും ലഭിക്കായ്കയാൽ 9–6–1984 മുതൽ ഈ ഫാക്ടറി മാനേജ്മെന്റ് ലേ ഓഫ് ചെയ്തിരിക്കുകയാണ്. മാനേജ്മെന്റിന്റെ സാമ്പത്തിക പരാധീനതയാണ് ഇതിന് കാരണമായിരിക്കുന്നത്.

2. റൂബി റബ്ബർ വർക്സ്, ചങ്ങനാശ്ശേരി പ്രധാനമായും സാമ്പത്തിക പ്രതിസന്ധിമൂലമാണ് ലോക്കൗട്ട് ചെയ്തിരിക്കുന്നത്.

3. ട്രാവൻകൂർ റയോൺസ്, പെരുമ്പാവൂർ

പ്രധാനമായും സാമ്പത്തിക കുഴപ്പമാണ് ട്രാവൻകൂർ റയോൺസ് 14–1–1985 മുതൽ പൂട്ടിയിടാനുള്ള കാരണം. തൊഴിൽ സ്തംഭനം, കുടിശ്ശിക വേതന വിതരണം തുടങ്ങിയവയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ ഒത്തുതീർപ്പുണ്ടായി എങ്കിലും ഐ. ഡി. ബി. ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാത്തതിനാൽ ഫാക്ടറിയിലെ സ്ഥിതി പഴയതുപോലെ തുടരുകയാണ്.

4. അർജ്ജുനാ റബ്ബർ പ്രോഡക്ട്സ്, തൊടുപുഴ

അർജ്ജുനാ റബ്ബർ പ്രോഡക്ട്സിലെ മാനേജരും ഒരു തൊഴിലാളിയും തമ്മിലുണ്ടായ കയ്യേറ്റത്തെ തുടർന്നാണ് പ്രസ്തുത ഫാക്ടറി 21–3–1985 മുതൽ ലോക്കൗട്ട് ചെയ്തത്.

5. സിംസൺ റ്റീ എസ്റ്റേറ്റ്, മലപ്പുറം

തൊഴിലാളികളുടെ നിയമവിരുദ്ധ നടപടികളിൽ ഏർപ്പെട്ടു എന്ന കാരണം പറഞ്ഞ് മാനേജ്മെന്റ് 20–8–1985 മുതൽ സിംസൺ റ്റീ എസ്റ്റേറ്റ് പൂട്ടിയിട്ടു.

മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി

97 [299] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി എന്നാണ് പൂട്ടിയത്;

(ബി) ഇതിന്റെ കാരണമെന്താണ്;

(സി) പ്രസ്തുത ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഗവൺമെന്റ് ഈയിടെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് പബ്ലിക് ആൻറ് ഫൈബർ ഡിവിഷനിലെ നാലായിരത്തോളം തൊഴിലാളികൾ 7–7–1985 മുതൽ സമരത്തിലാണ്. പ്രസ്തുത സമരം മൂലം ടി ഫാക്ടറി അന്നുമുതൽ പ്രവർത്തിക്കുന്നില്ല.

(ബി) ദീർഘകാല കരാർ ഒപ്പു വെയ്ക്കാനുള്ള കാലതാമസം 1982–83, 1983–84 എന്നീ വർഷങ്ങളിലെ ബോണസ് പ്രശ്നം ഒത്തുതീർപ്പിലെത്താതിരിക്കുക തുടങ്ങിയ കാരണങ്ങളാലാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്.

(സി) പ്രസ്തുത ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രശ്നം ഒത്തുതീർപ്പിലെത്തിയ്ക്കാൻ ലേബർ കമ്മീഷണർ പല അനുരജ്ഞന സമ്മേളനങ്ങൾ നടത്തി. അടുത്ത കോൺഫറൻസ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

മിനിമം വേജസ് കമ്മിറ്റി ഫോർ സിനിമ ഇൻഡസ്ട്രി

98 [300] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് കമ്മിറ്റി ഫോർ സിനിമ ഇൻഡസ്ട്രി എന്ന പേരിൽ സിനിമാ തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത്;

(സി) ഏതെല്ലാം പ്രതിനിധികളാണ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്;

(ഡി) കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടവും സ്റ്റാഫും, ഫണ്ടും നൽകിയിട്ടില്ലെന്നറിയുന്നത് ശരിയാണോ;

(ഇ) എങ്കിൽ അതിനു കാരണം എന്താണ്;

(എഫ്) കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ സാഹചര്യമുണ്ടാകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3–8–1985–ൽ കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് കൂടിയതായി അറിയുന്നു.

(സി) തൊഴിലാളി പ്രതിനിധികൾ, ഉടമാ പ്രതിനിധികൾ, സ്വതന്ത്ര അംഗങ്ങൾ എന്നിവരാണ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ഡി) ശരിയാണ്.

(ഇ) കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിനു ശേഷം കമ്മിറ്റിയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. കമ്മിറ്റി ആവശ്യപ്പെടുന്നതനുസരിച്ചാണ് ഫണ്ട്, കെട്ടിടം എന്നിവയ്ക്കുള്ള നടപടി സ്വീകരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly